പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 5

# 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 5

# 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ

1271/2026.

ബിൽ നമ്പർ 5

# 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ

1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റ്

വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റ് (1960-ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 76 എ എന്ന പുതിയ വകുപ്പ് കൂട്ടിചേർക്കൽ.—1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിലെ, 76-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"76 എ. അധിക കോർട്ട് ഫീസ് മടക്കി നൽകുന്നതല്ലെന്ന്.—ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 76-ാം വകുപ്പ് പ്രകാരം ഈടാക്കിയ അധിക കോർട്ട് ഫീസ്, യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല:

എന്നാൽ, 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ആക്റ്റ് (2026-ലെ ...ാം ആക്റ്റ്) പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് അധിക കോർട്ട് ഫീസ് മടക്കി നൽകുവാൻ ഉത്തരവിട്ടിട്ടും അത് നടപ്പിലാക്കാത്ത കേസുകളിലോ അല്ലെങ്കിൽ കോടതി ഒരു ഒത്തുതീർപ്പിന് സമ്മതിക്കുകയും എന്നാൽ വിധിന്യായം പുറപ്പെടുവിച്ചിട്ടില്ലാത്ത കേസുകളിലോ, അധിക കോർട്ട് ഫീസ് മടക്കി നൽകുന്നതിനെ മേൽ വ്യവസ്ഥ ബാധിക്കുന്നതല്ല." .

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കോർട്ട് ഫീസിന്റെ വിഷയത്തിൽ നിന്നും വ്യത്യസ്തമായി, അധിക കോർട്ട് ഫീസ് മടക്കി നൽകുന്നതിനുള്ള പ്രത്യേക വ്യവസ്ഥ 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാര

സലയും ആക്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിലെ അവ്യക്തത പരിഹരിക്കുന്നതിനായി, അധിക കോർട്ട് ഫീസ് ആയി ഈടാക്കുന്ന തുക ഒരു സാഹചര്യത്തിലും മടക്കി നൽകുന്നതല്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിലേക്കായി 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

2. മേൽ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടു വരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

വി. ഡി. സതീശൻ

(ശരിത്തർജ്ജമ)

# 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിൽ (1960-ലെ 10) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

76. നിയമാനുകൂല്യഫണ്ട്.—(1) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ആക്റ്റിലെ 4 എ വകുപ്പിനും 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളുടെ 397-ാം ചട്ടം (1)-ാം ഉപചട്ടത്തിലെ വ്യവസ്ഥകൾക്കും വിധേയമായി, ഒറിജിനൽ പെറ്റീഷനുകൾ, ഒറിജിനൽ അപേക്ഷകൾ, ട്രൈബ്യൂണലുകളിലേക്കും അപ്പലേറ്റ് അതോറിറ്റികളിലേക്കും ഉള്ള അപ്പീലുകൾ അല്ലെങ്കിൽ റിവിഷനുകൾ, കുടുംബ കോടതിയൊഴികെയുള്ള, സിവിൽ കോടതികളിലെ ഒറിജിനൽ വ്യവഹാരങ്ങൾ എന്നിവയ്ക്ക്, തർക്കത്തിൽ ഉൾപ്പെട്ട തുകയുടെ ഒരു ശതമാനത്തിൽ അധികരിക്കാത്ത നിരക്കിലും, മറ്റു സംഗതികളിൽ ഓരോ ഒറിജിനൽ വ്യവഹാരത്തിനും ഒറിജിനൽ പെറ്റീഷനും ഒറിജിനൽ അപേക്ഷയ്ക്കും അപ്പീലിനും അല്ലെങ്കിൽ റിവിഷനും നൂറ് രൂപയിൽ അധികരിക്കാത്ത നിരക്കിലും, 1996-ലെ ആർബിട്രേഷനും കൺസീലിയേഷനും ആക്റ്റിന്റെ (1996-ലെ 26-ാം കേന്ദ്ര ആക്റ്റ്) 34-ാം വകുപ്പ് പ്രകാരം ഹൈക്കോടതി മുമ്പാകെ സമർപ്പിക്കുന്ന അസ്സൽ ഹർജിക്ക് അവാർഡ് തുകയുടെ 0.5 ശതമാനവും, 2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് (2002-ലെ 54-ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള ഹർജിക്ക് ഒരു ഹർജിക്ക് നൂറ് രൂപ എന്ന നിരക്കിലും ഒരു അധിക കോർട്ട് ഫീസ് ചുമത്തുവാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

വിശദീകരണം.—(1)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള "തർക്കത്തിൽ ഉൾപ്പെട്ട തുക" എന്ന പദപ്രയോഗത്തിൽ, മൂല്യനിർണ്ണയം നടത്തുവാൻ സാധ്യമാകുന്നിടത്ത്, കൈവശം വീണ്ടെടുക്കൽ, ഭാഗം എന്നിവയ്ക്ക് വേണ്ടിയുള്ള വ്യവഹാരങ്ങളിലും സമാനസ്വഭാവത്തോടു കൂടിയ വ്യവഹാരങ്ങളിലും ഈ ആക്റ്റ് പ്രകാരം ഒരു നിശ്ചിത കോർട്ട് ഫീസ് വ്യക്തമാക്കിയിട്ടുള്ളിടത്തും കോർട്ട് ഫീസിന്റെ ആവശ്യത്തിലേക്ക് മൂല്യനിർണ്ണയം നടത്തിയിട്ടുള്ള തുക ഉൾപ്പെടുന്നതല്ല:

എന്നാൽ, 2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റ് (2017-ലെ 20), 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റ് (1963-ലെ 15), 1976-ലെ കേരള ആഡംബര നികുതി ആക്റ്റ് (1976-ലെ 32), 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റ് (2004-ലെ 30) എന്നിവ പ്രകാരമുള്ള അപ്പീലുകളുടെ സംഗതിയിൽ ചുമത്താവുന്ന അധിക കോർട്ട് ഫീസിന്റെ പരമാവധി പരിധി ഇരുപതിനായിരം രൂപയിൽ കവിയുവാൻ പാടില്ലാത്തതാകുന്നു.

(2) ഒരു നിയമാനുകൂല്യഫണ്ട് സ്ഥാപിക്കേണ്ടതും, അതിൽ,—

(i) (1)-ാം ഉപവകുപ്പുപ്രകാരം ചുമത്തി പിരിക്കുന്ന അധിക കോർട്ട് ഫീസിൽനിന്നുള്ള വരുമാനവും;

(ii) ഈ ആക്റ്റിലെ II-ാം പട്ടികയിലെ 12-ാം അനുച്ഛേദപ്രകാരം മുക്ത്യാർ നാമത്തിന്മേലോ വക്കാലത്തുനാമത്തിന്മേലോ ചുമത്തി പിരിക്കുന്ന കോർട്ട് ഫീസിന്റെ അൻപത് ശതമാനവും വരവ് പിടിക്കേണ്ടതുമാകുന്നു.

(3) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (2)-ാം ഉപവകുപ്പ് പ്രകാരം സമാഹരിച്ച നിയമസഹായ നിധിയുടെ എഴുപത് ശതമാനത്തിന് തുല്യമായ ഒരു തുക ഓരോ വർഷവും 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഫണ്ടിലേക്കും നിയമസഹായ നിധിയിൽ സമാഹരിച്ച തുകയുടെ മുപ്പത് ശതമാനത്തിന് തുല്യമായ ഒരു തുക 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഫണ്ടിലേക്കും നീക്കിവയ്ക്കേണ്ടതാണ്:

എന്നാൽ, (3)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള ഫണ്ടുകളിലേക്ക് നീക്കിവയ്ക്കപ്പെട്ട തുകയിൽനിന്നും പത്ത് ശതമാനം വീതം തുകയ്ക്ക് തുല്യമായ തുക വ്യവഹാരികൾക്ക് അടിസ്ഥാനസൗകര്യം ലഭ്യമാക്കുന്നതിനായി നിലനിർത്തിയതിനു ശേഷം, അപ്രകാരം നീക്കിവയ്ക്കപ്പെട്ട തുക പ്രസ്തുത ഫണ്ടുകളിലേക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

(4) ജനങ്ങൾക്കായുള്ള നിയമകാര്യസർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുകയും നിയമസംബന്ധമായ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സാമൂഹ്യ സംരക്ഷണ നടപടികൾ ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നതിനുള്ള മാർഗ്ഗോപാധികൾ ഗവണ്മെന്റ് ഉണ്ടാക്കുന്ന ചട്ടങ്ങൾമൂലം നിർണ്ണയിക്കാവുന്നപ്രകാരമായിരിക്കേണ്ടതാണ് .

** ** ** **

** ** ** **